REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-05-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന നാല് ഘട്ടങ്ങളിലെ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി.
- SSLC പരീക്ഷാഫലം ഉച്ചകഴിഞ്ഞ് പ്രഖ്യാപിക്കും. ഹയർസെക്കണ്ടറി ഫലം നാളെ.
- റഷ്യൻ സൈന്യത്തിൽ ഇന്ത്യൻ പൗരന്മാരെ കടത്തിയതുമായി ബന്ധപ്പെട്ട കേസിൽ രണ്ട് മലയാളികൾ ഉൾപ്പെടെ നാല് പ്രതികളെ CBI അറസ്റ്റ് ചെയ്തു.
- ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെ തുടർന്ന് കണ്ണൂർ, കരിപ്പൂർ, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങൾ റദ്ദാക്കി.
- പാലക്കാട് കാട്ടാനയുടെ ആക്രമണത്തിൽ മാധ്യമ പ്രവർത്തകൻ മരിച്ചു.
- IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**ഏഴ് ഘട്ടങ്ങളായി നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയായതോടെ ശേഷിക്കുന്ന നാല് ഘട്ടങ്ങളിലെ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. 260 മണ്ഡലങ്ങളിലാണ് ശേഷിക്കുന്ന ഘട്ടങ്ങളിൽ വോട്ടെടുപ്പ് നടക്കുന്നത്. ദേശീയ നേതാക്കളും താരപ്രചാരകരും മണ്ഡലങ്ങൾ തോറും ഊർജ്ജിത പ്രചാരണത്തിലാണ്.**

ജൂൺ ഒന്നിന് ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് നടക്കുന്ന 57 മണ്ഡലങ്ങളിൽ പത്രികാ സമർപ്പണം ഇന്നലെ ആരംഭിച്ചു. ആറാം ഘട്ട വോട്ടെടുപ്പിന്റെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായി. ഡൽഹിയിൽ ഏഴ് മണ്ഡലങ്ങളിലായി 238 പത്രികകളാണ് സ്വീകരിച്ചത്. ഈ മാസം 25 നാണ് ആറാം ഘട്ട വോട്ടെടുപ്പ്.

✪✪✪

പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശിൽ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. കരിംനഗർ മണ്ഡലത്തിലെ വെമുലവാഡയിലും, വൈകിട്ട് രാജംപേട്ട് മണ്ഡലത്തിലും പൊതുയോഗങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്യും. വിജയവാഡയിൽ റോഡ് ഷോയിലും മോദി പങ്കെടുക്കും.

തെലങ്കാന മുഖ്യമന്ത്രിയും പ്രദേശ് കോൺഗ്രസ് അധ്യക്ഷനുമായ രേവന്ത് റെഡ്ഡി ആർമോറിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയും നിസാമാബാദിൽ റോഡ്ഷോയിൽ പങ്കെടുക്കുകയും ചെയ്യും.

✪✪✪

കർണാടകയിലെ JDS നേതാവ് പ്രജ്വൽ രേവണ്ണയുടെ ലൈംഗികാതിക്രമത്തിൽ BJP യുടെ മൗനത്തെ ചോദ്യം ചെയ്ത് കോൺഗ്രസ്.

BJP നേതാവ് നരേന്ദ്ര മോദി ഈ വിഷയത്തിൽ മൗനം പാലിക്കുന്നത് എന്തുകൊണ്ടാണെന്ന് കോൺഗ്രസ് നേതാവ് പവൻ ഖേര ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ ചോദിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പ്രജ്വൽ രേവണ്ണയെ പിന്തുണച്ചതിന് മോദി മാപ്പ് പറയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. BJP പ്രതിപക്ഷ പാർട്ടികൾക്കെതിരെ നുണകൾ പ്രചരിപ്പിക്കുകയും അപകീർത്തികരമായ ഭാഷ ഉപയോഗിക്കുകയും ചെയ്യുകയാണെന്നും ഖേര വിമർശിച്ചു. പ്രതിപക്ഷ സ്ഥാനാർത്ഥികളെ സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ ബിജെപി ഭീഷണിപ്പെടുത്തുകയാണെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

SSLC പരീക്ഷാഫലം ഉച്ചകഴിഞ്ഞ് മൂന്നിന് പ്രഖ്യാപിക്കും.

THSLC / AHSLC - പരീക്ഷാ ഫലങ്ങളും ഇതോടൊപ്പം തിരുവനന്തപുരത്ത് മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിക്കും.

ഔദ്യോഗിക ഫല പ്രഖ്യാപന ശേഷം result.kerala.gov.in, ഉൾപ്പെടെ സംസ്ഥാന ഗവൺമെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും.

SSLC ഫലം PRD ലൈവ് മൊബൈൽ ആപ്പിലൂടെ വേഗത്തിലറിയാം. ഫല പ്രഖ്യാപനം നടന്നാലുടൻ ആപ്പിൽ ഫലം ലഭ്യമാകും. സഫലം എന്ന മൊബൈൽ ആപ്പ് കൈറ്റും സജ്ജമാക്കിയിട്ടുണ്ട്.

നാല് ലക്ഷത്തി 27,105 വിദ്യാർത്ഥികളാണ് SSLC ഫലം കാത്തിരിക്കുന്നത്. ഹയർസെക്കൻഡറി - VHSE പരീക്ഷാ ഫലം നാളെ ഉച്ച കഴിഞ്ഞ് മൂന്നിന് മന്ത്രി പ്രഖ്യാപിക്കും.

✪✪✪

SSLC ഫലം പ്രഖ്യാപിക്കുന്നതോടെ പ്ലസ് വൺ ക്ലാസുകൾ നേരത്തെ തുടങ്ങാനാകുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഫലപ്രഖ്യാപനത്തിൽ ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു.

കുട്ടികളിൽ ഉയർന്ന വിജയശതമാനം മുൻ വർഷങ്ങളിൽ ഉണ്ടായത് നല്ല നിലവാരം പുലർത്തുന്നത് കൊണ്ടാണെന്നും പേപ്പർ മൂല്യ നിർണയം കൃത്യതയോടെയും പഴുതടച്ച രീതിയിലുമാണ് നടത്തുന്നതെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു .

✪✪✪

റഷ്യൻ സൈന്യത്തിൽ യുദ്ധത്തിൽ പങ്കെടുക്കുന്നതിന് ഇന്ത്യൻ പൗരന്മാരെ കടത്തിയതുമായി ബന്ധപ്പെട്ട കേസിൽ രണ്ട് മലയാളികൾ ഉൾപ്പെടെ നാല് പ്രതികളെ CBI അറസ്റ്റ് ചെയ്തു. മുംബൈയിൽ നിന്നാണ് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തത്. വിദേശത്ത് ആദായകരമായ ജോലിയുടെ പേരിൽ കബളിപ്പിക്കപ്പെടുന്ന യുവാക്കളെ ലക്ഷ്യമിട്ട് രാജ്യത്തുടനീളം പ്രവർത്തിക്കുന്ന വലിയ മനുഷ്യക്കടത്ത് ശൃംഖല തകർത്തതായി സിബിഐ പറഞ്ഞു.

റഷ്യയിൽ ഉയർന്ന ശമ്പളത്തോട് കൂടിയ ജോലികൾ വാഗ്ദാനം ചെയ്ത് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും പ്രാദേശിക ഏജന്റുമാർ വഴിയും ഇന്ത്യൻ പൗരന്മാരെ ആകർഷിക്കുന്നതിന് സംഘടിത ശൃംഖലയായാണ് ഈ കടത്തുകാർ പ്രവർത്തിക്കുന്നതെന്ന് CBI അറിയിച്ചു. കടത്തപ്പെട്ട ഇന്ത്യൻ പൗരന്മാരെ യുദ്ധ പരിശീലനം

നൽകി അവരുടെ ആഗ്രഹത്തിന് വിരുദ്ധമായി റഷ്യ-ഉക്രെയ്ൻ യുദ്ധമേഖലയിലെ മുന്നണി മേഖലകളിൽ വിന്യസിക്കുകയായിരുന്നു.

✪✪✪

ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെ തുടർന്ന് കണ്ണൂർ, കരിപ്പൂർ, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ മുന്നറിയിപ്പില്ലാതെ എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങൾ റദ്ദാക്കി. ഇതോടെ, നൂറുകണക്കിന് യാത്രക്കാർ കുടുങ്ങി കിടക്കുകയാണ്. AIXEU യൂണിയൻ അംഗങ്ങൾ കൂട്ടത്തോടെ അവധി എടുത്തതോടെയാണ് സർവീസുകൾ മുടങ്ങിയത്. സീനിയർ ക്യാബിൻ ക്രൂ അംഗങ്ങൾ ആണ് കൂട്ടത്തോടെ അവധി എടുത്തത്.

അബൂദബി, ഷാർജ, മസ്കറ്റ് വിമാനങ്ങളാണ് റദ്ദാക്കിയത്. കണ്ണൂർ വിമാനത്താവളത്തിലുൾപ്പെടെ യാത്രക്കാർ പ്രതിഷേധിച്ചു. കണ്ണൂരിൽ നാളെ വിമാനങ്ങളിൽ ടിക്കറ്റ് നൽകാമെന്ന ഉറപ്പിൽ യാത്രക്കാർ പ്രതിഷേധം അവസാനിപ്പിച്ചു. മുൻഗണനാ ക്രമത്തിൽ ടിക്കറ്റ് നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്.

അലവൻസ് ഉൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജീവനക്കാർ സമരം നടത്തുന്നതെന്നാണ് റിപ്പോർട്ട്. തൊഴിൽ ആവശ്യങ്ങൾക്ക് പോകുന്ന ചിലരുടെ വിസ കാലാവധി ഇന്നു തീരുന്നതിനാൽ ആശങ്കയിലാണ് യാത്രക്കാർ.

✪✪✪

മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ രഹസ്യമായി വിദേശ യാത്ര നടത്തിയത് എന്തിനാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചോദിച്ചു.

മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശയാത്ര നടത്തുന്നതിന് പ്രതിപക്ഷം എതിരല്ലെന്നും മുഖ്യമന്ത്രി ഉൾപ്പെടെ അതീവ രഹസ്യമായി യാത്ര നടത്തിയത് എന്തിനെന്ന് മനസിലാകുന്നില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. 16 ദിവസം മുഖ്യമന്ത്രി സംസ്ഥാനത്തില്ലെന്നാണ് മനസിലാക്കുന്നത്. ഭരണഘടനാ സ്ഥാനത്തിരിക്കുന്നവർ എന്ത് ചെയ്യുമ്പോഴും സുതാര്യത ഉറപ്പാക്കേണ്ടതുണ്ട്. അല്ലെങ്കിൽ അത് പലവിധ സംശയങ്ങൾക്കും ഇടവരുത്തുമെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

KPCC അധ്യക്ഷനായി കെ സുധാകരൻ വീണ്ടും ചുമതലയേറ്റു. രാവിലെ മുതിർന്ന നേതാവ് AK ആന്റണിയെ സന്ദർശിച്ച ശേഷമാണ് അദ്ദേഹം

ഇന്ദിരാഭവനിലെത്തി ചുമതലയേറ്റത്. താൽക്കാലിക അധ്യക്ഷൻ MM ഹസ്സനെ ടുത്ത ചില തീരുമാനങ്ങൾ ആലോചനയില്ലാതെയായിരുന്നുവെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

പാലക്കാട് കാട്ടാനയുടെ ആക്രമണത്തിൽ മാധ്യമ പ്രവർത്തകൻ മരിച്ചു. മാതൃഭൂമി ന്യൂസ് ക്യാമറാമാൻ എ.വി.മുകേഷ് ആണ് മരിച്ചത്. 34 വയസ്സായിരുന്നു. പരപ്പനങ്ങാടി ചെട്ടിപ്പടി സ്വദേശിയാണ്. മലമ്പുഴ കൊട്ടേക്കാടിന് സമീപം വാർത്താ ഷൂട്ടിനിടെയാണ് അപകടം. കാട്ടാനക്കൂട്ടം പുഴ മുറിച്ചുകടക്കുന്നതിന്റെ ദൃശ്യം പകർത്തുന്നതിനിടെ ആന ആക്രമിക്കുകയായിരുന്നു. ഉടൻ തന്നെ പാലക്കാട് ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

✪✪✪

കാട്ടാന ആക്രമണത്തിൽ മാധ്യമപ്രവർത്തകൻ കൊല്ലപ്പെട്ട സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രി എ കെ ശശീന്ദ്രനും, പ്രതിപക്ഷ നേതാവ് വി ഡി സതീശനും അനുശോചനം അറിയിച്ചു.

ആക്രമണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആലോചിച്ചു തീരുമാനം എടുക്കുമെന്ന് മന്ത്രി ശശീന്ദ്രൻ സ്വകാര്യ വാർത്താ ചാനലിനോട് പറഞ്ഞു.

✪✪✪

ഒരു മാസത്തിനിടയിൽ രണ്ട് കാട്ടാനകൾ ട്രെയിനിടിച്ചു ചരിഞ്ഞ പാലക്കാട് മലമ്പുഴ മേഖലയിൽ ട്രയിനുകളുടെ വേഗം കുറയ്ക്കും .

ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്)............

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ഹൈദരാബാദിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലാ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ന് കണ്ണൂർ ജിംഖാന ക്ലബ് , വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെന്ററിനെ നേരിടും. കണ്ണൂർ യുണൈറ്റഡ് എഫ്സി , കണ്ണൂർ ജൂനിയർ റെഡ് സ്റ്റാറുമായും ഏറ്റുമുട്ടും.

✪✪✪

കാസർകോട് ജില്ലയിലെ പെരിയ ഗോകുലം ഗോശാലയിൽ ആദ്യ ദേശീയ നൃത്തോത്സവത്തിന് ഇന്ന് തുടക്കമാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.

......(വോയ്സ്).....................

✪✪✪

കനത്ത പകൽച്ചൂട് വിനോദ സഞ്ചാര മേഖലയെയും സാരമായി ബാധിച്ചു. വേനൽ ശക്തമായി തുടരുന്നതിനാൽ പകൽ സമയം ഒഴിവാക്കി രാത്രിയിലാണ് ഇടുക്കിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സന്ദർശകരിൽ ഭൂരിഭാഗവും എത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

........(വോയ്സ്)................

✪✪✪

സംസ്ഥാനത്ത് ഉയർന്ന താപനില തുടരുന്നു. പാലക്കാട് ഇന്നലെയും 39 ഡിഗ്രി സെൽഷ്യസ് ചൂട് രേഖപ്പെടുത്തി. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസാണ് ഉയർന്ന താപനില. ചൂട് സാഹചര്യം കണക്കിലെടുത്ത് ഇന്നും ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

**അതേസമയം, സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**വെസ്റ്റ് നൈൽ പനി ബാധിച്ച് തൃശ്ശൂരിൽ ഒരു മരണം റിപ്പോർട്ട് ചെയ്തു. വാടനപ്പിള്ളി, നടുവേലിക്കര സ്വദേശിയായ 79 കാരനാണ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ കഴിഞ്ഞ വെള്ളിയാഴ്ച മരിച്ചത്.**

**പനിയെ തുടർന്ന് രണ്ടാഴ്ച മുമ്പാണ് രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.**

✪✪✪

**ഗ്രാമീണ മേഖലയിലെ അസംഘടിത തൊഴിലാളികൾക്കായി ഇന്ത്യ പോസ്റ്റ് പെയ്മെൻറ് ബാങ്ക് വഴി നടപ്പാക്കുന്ന സുരക്ഷാ ഇൻഷുറൻസ് പദ്ധതിയിൽ മുഴുവൻ ചുമട്ടുതൊഴിലാളികളും അംഗങ്ങളാവണമെന്ന് കേരള ചുമട്ടുതൊഴിലാളി ആൻഡ് ജനറൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് K.V രാഘവൻ കണ്ണൂരിൽ ആവശ്യപ്പെട്ടു. പോസ്റ്റ് ഓഫീസുകളിലൂടെ രജിസ്ട്രേഷൻ നടത്താം.**

✪✪✪